കേരളാ കോൺഗ്രസ് നേതാവ് ജേക്കബ് ചൂരനോലിയുടെ നിര്യാണത്തിൽ അനുശോചിച്ച് ആലക്കോട് നടന്ന യോഗത്തിൽ ജനാധിപത്യ കേരളാ കോൺഗ്രസ് ചെയർമാൻ ഫ്രാൻസീസ് ജോർജ് പ്രസംഗിക്കുന്നു

ആശാവർക്കേഴ്സിനെ ആരോഗ്യ മേഖലയിൽ സ്ഥിരപ്പെടുത്തണം

കണ്ണൂർ: കേരളത്തിലെ 30000ത്തോളം വരുന്ന ആശാവർക്കേഴ്സിനെ ആരോഗ്യമേഖലയിൽ സ്ഥിരപ്പെടുത്തണമെന്ന് കേരള പ്രദേശ് ആശാ വർക്കേഴ്സ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി) ജില്ലാ ജനറൽബോഡിയോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡണ്ട് ജിൻസ് മാത്യു അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കൃഷ്ണ വേണി, ജി. ശർമ്മ ഉദ്ഘാടനം ചെയ്തു.

ജില്ലാ ഭാരവാഹികളായ ഷീജ തങ്കച്ചൻ, സി.പി. ബിന്ദു, ധന്യ വിൽസൺ, റെയിസി ജേക്കബ്, ജയശ്രീ കൊളച്ചേരി, കൊച്ചുത്രേസ്യ, എം. ശകുന്തള, രമണി ഭാസ്കരൻ, ഷൈലകുമാരി പ്രസംഗിച്ചു.

കൂട്ടുമുഖം സി.എച്ച്.സി പരിസരം ശുചീകരണ പരിപാടി നഗരസഭാ ചെയർമാൻ പി.പി.രാഘവൻ ഉദ്ഘാടനം ചെയ്യുന്നു

ആശുപത്രി പരിസരം ശുചീകരിച്ചു

ശ്രീകണ്ഠപുരം: റിക്രിയേഷൻ ക്ലബ് ഫോർ ഡഫിന്റെ നേതൃത്വത്തിൽ കൂട്ടുമുഖം സി.എച്ച്.സി പരിസരം ശുചീകരിച്ചു. പരിപാടി ശ്രീകണ്ഠപുരം നഗരസഭാ ചെയർമാൻ പി.പി.രാഘവൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി എം.എം.സിനോജ് അധ്യക്ഷത വഹിച്ചു. പി.പി. ബൈജുമോൻ, പി.എ.ഐസക്ക് സംസാരിച്ചു.

കേരള ലോട്ടറിയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന്

കണ്ണൂർ: കേരള ലോട്ടറിയുടെ സമ്മാനങ്ങളുടെ എണ്ണം ടിക്കറ്റ് വർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് ഓൾ കേരള ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് കോൺഗ്രസ് ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡണ്ട് ജിൻസ് മാത്യു അധ്യക്ഷത വഹിച്ചു. പൂന്തോടൻ ബാലൻ, പി.വി. സജേഷ്, സുനിജ ബാലകൃഷ്ണൻ, പി.ടി. അനിൽകുമാർ, ടി.ടി. ഏലിയാസ്, എം. നസീർ, എം.ഒ. ദേവസ്യ, പി.എൻ. ഹരിദാസ്, കോമത്ത് വേണു പ്രസംഗിച്ചു.

തളിപ്പറമ്പ സീതിസാഹിബ് ഹയർ സെക്കണ്ടറി സ്കൂളിൽ ഉന്നത വിജയികളായ വിദ്യാർത്ഥികളെ ആദരിക്കൽ ചടങ്ങ് നഗരസഭ കൗൺസിലർ പി.പി.നിസാർ ഉദ്ഘാടനം ചെയ്യുന്നു

ചികിത്സക്കിടയിൽ വിദ്യാർത്ഥിയുടെ മരണം; സമഗ്ര അന്വേഷണം വേണമെന്ന്

തലശേരി: ചികിത്സക്കിടയിൽ വിദ്യാർത്ഥി മരിച്ച സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തണമെന്ന് മനുഷ്യാവകാശ സംരക്ഷണ മിഷൻ ആവശ്യപ്പെട്ടു. പുതിയതെരുവിൽ വാഹനാപകടത്തിൽപ്പെട്ട രണ്ടാംവർഷ എഞ്ചിനീയറിംഗ് വിദ്യാർത്ഥി കടവത്തൂർ പുലരിയൽ പി.എസ്. സരിൻരാജ് ചികിത്സക്കിടയിൽ കൊയിലി ആശുപത്രിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ ആണ് സമഗ്ര അന്വേഷണം വേണമെന്ന് സംഘടന ആവശ്യപ്പെട്ടത്. തലശേരിയിൽ നടന്ന സംഘടനയുടെ കണ്ണൂർ ജില്ലാ കൺവെൻഷൻ നാഷണൽ പ്രസിഡണ്ട് പ്രകാശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. എം.പി. പ്രകാശൻ അധ്യക്ഷനായി. ഐഡന്റിറ്റി കാർഡ് വിതരണം കെ.വി. സതീശൻ നിർവഹിച്ചു. എം.ജി.വി. നായർ, ഇ. മനീഷ്, കെ.കെ. ചാത്തുക്കുട്ടി, പി.ദിനേശൻ, എ.പി. രാജു, പി.പി. സരള ടീച്ചർ സംസാരിച്ചു.

എം.പി. പ്രകാശൻ (പ്രസിഡണ്ട്), കെ.കെ. ചാത്തുക്കുട്ടി (സെക്രട്ടറി), പി.പി. സരളടീച്ചർ (വനിതാ സെൽ പ്രസിഡണ്ട്), എം.കെ. അനിത ഗിരീഷ് (സെക്രട്ടറി) എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

റോഹിംഗ്യകൾക്ക് അഭയം നിഷേധിക്കരുത്; കൂട്ടായ്മ 14ന്

കണ്ണൂർ: റോഹിംഗ്യകളെ നാടുകടത്താനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറണമെന്നാവശ്യപ്പെട്ട് മനുഷ്യാവകാശ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ സമാന ചിന്താഗതിക്കാരായ സംഘടനകൾ കൂടിച്ചേരും. 14ന് ഉച്ചക്ക് മൂന്ന് മണിക്ക് കണ്ണൂർ യോഗശാലയിലാണ് സംഗമം.

കേരളോത്സവത്തിന്റെ ഭാഗമായി ആലക്കോട് ടൗണിൽ നടന്ന സാംസ്കാരിക ഘോഷയാത്ര

കാറിന്റെ ആർ.സി. നഷ്ടപ്പെട്ടു

എന്റെ കെ.എൽ. 13 ഡബ്ല്യു. 7711 ഫോഡ് ഫിയസ്റ്റ കാറിന്റെ ആർ.സി. നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ തിരികെ നൽകാൻ താൽപ്പര്യം. ഇല്ലെങ്കിൽ ഞാൻ ഡ്യൂപ്ലിക്കേറ്റ് ആർ.സിക്ക് അപേക്ഷ നൽകുന്നതായിരിക്കും. പരാതിയുള്ളവർ അറിയിക്കുക.

ജോയി.പി.എം.
പരവംപറമ്പിൽ ഹൗസ്
വെള്ളാട്.
Ph: 9400653273

സാംസ്കാരിക ഘോഷയാത്ര വേറിട്ടതായി

ആലക്കോട്: കേരളോത്സവത്തിന്റെ ഭാഗമായി ആലക്കോട് പഞ്ചായത്ത് നേതൃത്വത്തിൽ അരങ്ങത്ത് നിന്ന് ആലക്കോട് ടൗണിലേക്ക് സംഘടിപ്പിച്ച സംസ്ക്കാരിക ഘോഷയാത്ര ആലക്കോടിന് വേറിട്ട കാഴ്ചയായി. 21 വാർഡുകളിലെയും കുടുംബശ്രീ പ്രവർത്തർ ഉൾപ്പെടെ ആയിരങ്ങളാണ് ഘോഷയാത്രയിൽ അണിനിരന്നത്. സമകാലിക സംഭവങ്ങൾ അനുസ്മരിച്ചുള്ള നിശ്ചല ദൃശ്യങ്ങളും വാദ്യമേളങ്ങളും ഘോഷയാത്രയുടെ മാറ്റ് കൂട്ടി. പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ, വൈസ് പ്രസിഡണ്ട് സി.മോഹനൻ, സെക്രട്ടറി എൻ.എൻ.പ്രസന്നകുമാർ, പഞ്ചായത്ത് അംഗങ്ങളായ ഗിരിജാമണി ടീച്ചർ, ജോസ് അള്ളുംപുറം, ടി.ജി.വിക്രമൻ, പി.സി.ആയിഷ, കുടുംബശ്രീ ചെയർപേഴ്സൺ സീത ഗോപാലൻ നേതൃത്വം നൽകി.

സർവ്വകക്ഷിയോഗം അനുശോചിച്ചു

ആലക്കോട്: കേരളാ കോൺഗ്രസ് നേതാവ് ജേക്കബ് ചൂരനോലിയുടെ നിര്യാണത്തിൽ ആലക്കോട് ടൗണിൽ ചേർന്ന സർവ്വകക്ഷി യോഗം അനുശോചിച്ചു. പി.വി.ബാബുരാജ് അധ്യക്ഷത വഹിച്ചു. കെ.സി.ജോസഫ് എം.എൽ.എ, ജനാധിപത്യ കേരളാ കോൺഗ്രസ് ചെയർമാൻ ഫ്രാൻസീസ് ജോർജ്, പി.ടി.ജോസ്, കെ.എം.ജോസഫ്, എം.ജെ.ഉമ്മൻ, വി.ജി.സോമൻ, പി.സി.ജോസഫ്, ജോർജ് വടകര, എം.കരുണാകരൻ, അഡ്വ. സോണി സെബാസ്റ്റ്യൻ, എം.പി.പോളി, കെ.എൻ.ചന്ദ്രൻ, അബ്ദുള്ള നെല്ലിക്കുന്ന്, അഡ്വ.എ.ജെ.ജോസഫ്, സണ്ണി അമ്പാട്ട്, മാത്യു കുന്നപ്പള്ളി, മാത്യു പുതുപ്പറമ്പിൽ, ജോസ് ചെമ്പേരി, ജോസ് അള്ളുംപുറം, അന്നമ്മ അഗസ്റ്റിൻ, ജോജി ആനിത്തോട്ടം, കെ.പി.സാബു, ഡെന്നീസ് വാഴപ്പള്ളിൽ, കെ.സജി, ജോസ് പുള്ളിറ്റ്, കെ.എസ്.പത്മകുമാർ, ബാബു ജോസഫ് പ്രസംഗിച്ചു. ജോയി പൂവത്തിങ്കൽ സ്വാഗതം പറഞ്ഞു.

ദേശീയ ചെസ്: കേരള ടീം അവിനാശ് ഹരി നയിക്കും

കണ്ണൂർ: പത്തനംതിട്ടയിൽ നടന്ന അണ്ടർ 17 ഓപ്പൺ ചെസ് ചാമ്പ്യൻഷിപ്പിൽ സംസ്ഥാന ചാമ്പ്യനായ അവിനാശ് ഹരി 24 മുതൽ നവംബർ ഒന്ന് വരെ കോയമ്പത്തൂരിൽ നടക്കുന്ന ദേശീയ ചെസ് ചാമ്പ്യൻഷിപ്പിൽ കേരള ടീം നയിക്കും. ചൊവ്വ ഹയർസെക്കണ്ടറി സ്കൂളിലെ പത്താംതരം വിദ്യാർത്ഥിയായ അവിനാശ് നിരവധി തവണ ദേശീയ ചെസിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. സഹോദരൻ റോഷൻ ഹരിയും ദേശീയ ചെസ് താരമാണ്. കണ്ണൂരിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ഹരീന്ദ്രന്റെയും ഫാഷൻ ഡിസൈനിംഗ് അധ്യാപികയായ നിവ്യയുടെയും മകനാണ്.

നിടുങ്ങോം ഗവ. ഹയർസെക്കണ്ടറി സ്കൂൾ ലാബ് പി.കെ.ശ്രീമതി എം.പി ഉദ്ഘാടനം ചെയ്യുന്നു

സയൻസ് ലാബ് ഉദ്ഘാടനം

ശ്രീകണ്ഠപുരം: നിടുങ്ങോം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ നിർമ്മിച്ച സയൻസ് ലാബ് പി.കെ.ശ്രീമതി എം.പി ഉദ്ഘാടനം ചെയ്തു. ഇ.കുഞ്ഞികൃഷ്ണൻ അധ്യക്ഷത വഹിച്ചു. പി.വി.ഗോപിനാഥ്, പി.പി.ചന്ദ്രാംഗദൻ, വി.സി.രവീന്ദ്രൻ, കെ.വി.മോഹനൻ, കെ.സരസ്വതി, കെ.വി.അഖിലേഷ്, ബെന്നി കുര്യൻ, കൗൺസിലർമാരായ എ.സി.ഷീജ, വർഗീസ് നെടിയകാലായി സംസാരിച്ചു.

ചുമട്ട് തൊഴിലാളികൾ ക്ഷേമനിധി കുടിശിക അടക്കണം

കണ്ണൂർ: സ്കാറ്റേർഡ് വിഭാഗം ചുമട്ട് തൊഴിലാളി ക്ഷേമനിധിയിൽ അംശാദായം അടക്കാൻ വീഴ്ച വരുത്തിയ കുടിശിക ഡിസംബർ 31നുള്ളിൽ അടച്ചുതീർത്ത് അംഗത്വം പുതുക്കണമെന്ന് ജില്ലാ ദേശീയ ചുമട്ട് തൊഴിലാളി യൂണിയൻ (ഐ.എൻ.ടി.യു.സി) ജില്ലാ പ്രസിഡണ്ട് കെവി. രാഘവൻ ആവശ്യപ്പെട്ടു. മുഴുവൻ കുടിശികയും അടച്ചുതീർക്കുന്നവർക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എസ്.വൈ.എസ്. മാവിച്ചേരി യൂണിറ്റ് സമ്മേളനം

മാവിച്ചേരി: യുവത്വം നാടുണർത്തുന്നു എന്ന പ്രമേയത്തിൽ മാവിച്ചേരി യൂണിറ്റ് സമ്മേളനം നടത്തി. എസ്.വൈ.എസ്. സംസ്ഥാന ഉപാദ്ധ്യക്ഷൻ എൻ. അബ്ദുലത്തീഫ് സഅദി പഴശി മുഖ്യപ്രഭാഷണം നടത്തി. ടി.കെ. മൻസൂർ അമാനിയുടെ അധ്യക്ഷതയിൽ എസ്.വൈ.എസ്. ജില്ലാ സെക്രട്ടറി കെ.പി. അബ്ദുസമദ് അമാനി പട്ടുവം ഉദ്ഘാടനം ചെയ്തു. ഒ. അബ്ദുൾ ജബാർ, എം.വി. മൂസ മൗലവി, ഒ. മുഹമ്മദ് റഷീദ്, ഒ. മൊയ്തീൻ, എ.പി. യൂസുഫ്, കെ.പി. മുഹമ്മദ് സിനാൻ, കെ. ആലി, ഒ. മുത്തലിബ്, എം.പി. ജുനൈദ്, ഇ.പി. ഉമ്മർകുട്ടി, കെ.വി. ഫാറൂഖ്, സൈനുദീൻ സി., ടി.കെ. അബു താഹിർ, കെ.പി. സമീർ, കെ.പി. മുഹമ്മദലി പ്രസംഗിച്ചു.

എസ്.വൈ.എസ് മാവിച്ചേരി യൂണിറ്റ് സമ്മേളനത്തിൽ സംസ്ഥാന ഉപാധ്യക്ഷൻ അബ്ദുൽ ലത്തീഫ് സഅദി മുഖ്യപ്രഭാഷണം നടത്തുന്നു.

ശ്രീകണ്ഠപുരം ഏരിയാ സമ്മേളനം; സംഘാടക സമിതി രൂപീകരിച്ചു

ശ്രീകണ്ഠപുരം: സി.പി.എം ശ്രീകണ്ഠപുരം ഏരിയ സമ്മേളനത്തിന് സംഘാടക സമിതിയായി. രൂപീകരണയോഗം ജില്ലാ കമ്മിറ്റിയംഗം ടി.കെ.ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പി.കുഞ്ഞിക്കണ്ണൻ അധ്യക്ഷനായി. ഏരിയ സെക്രട്ടറി പി.വി.ഗോപിനാഥ് സ്വാഗതം പറഞ്ഞു. നവംബർ 18, 19, 20 തീയതികളിലായി ശ്രീകണ്ഠപുരം കമ്മ്യൂണിറ്റി ഹാളിലാണ് പ്രതിനിധി സമ്മേളനം.

ഭാരവാഹികൾ: അഡ്വ.എം.സി.രാഘവൻ (ചെയർമാൻ), സി.എച്ച്. മേമി, വി.സി.രാമചന്ദ്രൻ (വൈസ് ചെയർമാൻ), പി.മാധവൻ (ജന. കൺവീനർ), പി.കുഞ്ഞിക്കണ്ണൻ (കൺവീനർ).

ശ്രീകണ്ഠപുരത്ത് സി.പി.എം ഏരിയാ സമ്മേളന സംഘാടക സമിതി യോഗം ടി.കെ.ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

പട്ടുവം കൂത്താട്ട് വിളവെടുപ്പ് ഉത്സവം അഡ്വ.രാജീവൻ കപ്പച്ചേരി ഉദ്ഘാടനം ചെയ്യുന്നു

കൂത്താട്ട് വയലിൽ വിളവെടുപ്പ് നടത്തി

പട്ടുവം: കൂത്താട്ട് പത്താം വാർഡിൽ മഹാത്മാ തൊഴിൽ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തരിശ്ഭൂമി കൃഷി യോഗ്യമാക്കി നൂറുമേനി കൊയ്തു. വിളവെടുപ്പ് ഉദ്ഘാടനം വാർഡ് മെമ്പർ അഡ്വ.രാജീവൻ കപ്പച്ചേരി നിർവഹിച്ചു. കൃഷി ഓഫീസർ പ്രീത മുഖ്യാതിഥിയായിരുന്നു. സി.പി.പ്രസന്ന അധ്യക്ഷത വഹിച്ചു. കെ.പി.ജയന്തി, ടി.ദാമോദരൻ, പി.ആലി, പി.പ്രദീപൻ പങ്കെടുത്തു. നൂറുമേനി കൊയ്ത് മഹാത്മാ ഗ്രൂപ്പ് മാതൃകയായി.

ലോക വയോജനദിനം പട്ടപ്പാറ വയോജന കേന്ദ്രത്തിൽ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി.ലത ഉദ്ഘാടനം ചെയ്യുന്നു

കർഷകരെ വഞ്ചിക്കുന്നതിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ മൽസരിക്കുന്നുവെന്ന്

കണ്ണൂർ: കർഷക വഞ്ചനയുടെ കാര്യത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ മൽസരിക്കുകയാണെന്ന് സ്വതന്ത്ര കർഷക സംഘം സംസ്ഥാന പ്രസിഡണ്ട് കുറുക്കോളി മൊയ്തീൻ പറഞ്ഞു. തിരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത പിണറായി സർക്കാർ മദ്യ കച്ചവടക്കാർക്ക് നൽകിയ ഉറപ്പുകൾ നടപ്പിലാക്കി വരികയാണെന്നും അദേഹം കൂട്ടിച്ചേർത്തു. കണ്ണൂർ. ഐ.എം.എ. ഹാളിൽ സ്വതന്ത്ര കർഷക സംഘം ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം. അഡ്വ. അഹമ്മദ് മാണിയൂർ അധ്യക്ഷം വച്ചു.

സംസ്ഥാന മുസ്ലിം ലീഗ് വൈസ് പ്രസിഡണ്ട് വി.കെ. അബ്ദുൾഖാദർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ മുസ്ലിംലീഗ് പ്രസിഡണ്ട് പി. കുഞ്ഞിമുഹമ്മദ് , ജനറൽ സെക്രട്ടറി അബ്ദുൾകരീം ചേലേരി, ട്രഷറർ വി.പി. വമ്പൻ, സ്വതന്ത്ര കർഷക സംഘം സംസ്ഥാന ജനറൽ സെക്രട്ടറി ടി.പി. മമ്മു, ട്രഷറർ എം. എസ്. മുഹമ്മദ്കുഞ്ഞി, സെക്രട്ടറി സി. ശ്യാം സുന്ദർ, ഭാരവാഹികളായ മർവിള സൈനുദീൻ, പി.പി. മുഹമ്മദ്കുട്ടി, ഇ. അബൂബക്കർ ഹാജി, അഡ്വ. ഖാലിദ് രാജ, എസ്.ടി.യു ദേശീയ വൈസ് പ്രസിഡണ്ട് എം.എ. കരീം, പി.ഒ.പി. മുഹമ്മദലി ഹാജി, പി. അബ്ദുറഹിമാൻ, പി.കെ. അബ്ദുൾഖാദർ മൗലവി, സി.എച്ച്. മുഹമ്മദ്കുട്ടി ഹാജി, സി. എറമുള്ളാൻ, നസീർ ചാലാട്, എം. മുസ്തഫ മാസ്റ്റർ, എം.വി. നജീബ്, കെ. കുഞ്ഞബ്ദുള്ള ഹാജി പ്രസംഗിച്ചു. ജനറൽ സെക്രട്ടറി പി.പി. മഹമൂദ് സ്വാഗതവും സെക്രട്ടറി എം.പി.എ. റഹീം നന്ദിയും പറഞ്ഞു.

സ്വതന്ത്ര കർഷക സംഘം
ജില്ല
പ്രവർത്തക കൺവെൻഷൻ

സ്വതന്ത്ര കർഷക സംഘം കണ്ണൂർ ജില്ലാ കൺവെൻഷൻ സംസ്ഥാന പ്രസിഡണ്ട് കുറുക്കോളി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.

വർഗീയതയെ തടയാൻ സഹവർത്തിത്വം ശീലമാക്കണം: കെ.എൻ.എം

കണ്ണൂർ: രാജ്യത്ത് വളർന്ന് വരുന്ന വർഗീയതയെയും വിഭാഗീയതയെയും ഇല്ലായ്മ ചെയ്യാൻ സഹവർത്തിത്വത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കണമെന്ന് കെ.എൻ.എം സംസ്ഥാന പ്രസിഡണ്ട് ടി.പി.അബ്ദുള്ളക്കോയ മദനി അഭിപ്രായപ്പെട്ടു. മുജാഹിദ് സംസ്ഥാന സമ്മേളനത്തിന്റെ ജില്ലാതല പ്രചാരണ സമ്മേളനം കണ്ണൂരിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം.

പരസ്പരം സ്നേഹിക്കാനും ബഹുമാനിക്കാനുമാണ് എല്ലാ മതങ്ങളും ആഹ്വാനം ചെയ്യുന്നത്. സഹകരണവും സഹവർത്തിത്വവും കൊണ്ട് മാത്രമേ സമാധാനം സാധ്യമാവുകയുള്ളൂ. രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി വർഗീയത പ്രചരിപ്പിക്കുന്നവരെ കരുതിയിരിക്കണമെന്ന് അദേഹം ഓർമ്മിപ്പിച്ചു.

കെ.എൻ.എം ജില്ലാ ചെയർമാൻ ഡോ.എ.എ.ബഷീർ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ.കുഞ്ഞബ്ദുള്ള ഹാജി, സംസ്ഥാന സെക്രട്ടറി ഡോ.സുൽഫിക്കർ അലി, പി.കെ.ഇബ്രാഹിം ഹാജി, ഐ.എസ്.എം സംസ്ഥാന സെക്രട്ടറി ഡോ.ജാബിർ അമാനി, ജോ.സെക്രട്ടറി മഹമൂദ് വാരം, അബൂബക്കർ ഫാറൂഖി നന്മമണ്ട, ശരീഫ് മേലെതിൽ, പ്രൊഫ. ശംസുദ്ദീൻ പാലക്കോട്, സി.സി.ശക്കീർ ഫാറൂഖി, അബ്ദുൾഖയ്യും പുന്നശേരി, ഇസ്ഹാഖലി കല്ലിക്കണ്ടി, സി.എച്ച്.ഇസ്മായിൽ ഫാറൂഖി, ജലീൽ ഒതായി, ഐ.എസ്.എം ജില്ലാ പ്രസിഡണ്ട് നൗഷാദ് സ്വലാഹി, എം.എസ്.എം ജില്ലാ പ്രസിഡണ്ട് സഫ്വാൻ ചാലാട് പ്രസംഗിച്ചു.

മുജാഹിദ് സംസ്ഥാന സമ്മേളനത്തിന്റെ കണ്ണൂർ ജില്ലാ പ്രചാരണോദ്ഘാടനം കെ.എൻ.എം സംസ്ഥാന പ്രസിഡണ്ട് ടി.പി.അബ്ദുള്ളകോയ മദനി നിർവഹിക്കുന്നു

ലൈഫ് ഗാർഡ് ശ്രീജിത്തിനെ ആദരിച്ചു

തളിപ്പറമ്പ: പയ്യാമ്പലം ബീച്ചിൽ കടലിൽ അകപ്പെട്ട രണ്ട് കുട്ടികളുടെ ജീവൻ രക്ഷിച്ച ലൈഫ് ഗാർഡ് കീഴാറ്റൂരിലെ ശ്രീജിത്തിനെ തൃച്ചംബരം പൊതുജന ഗ്രന്ഥാലയം ആന്റ് സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. റിട്ട. ലേബർ കമ്മീഷണർ പി.സി.വിജയരാജ് ഉദ്ഘാടനം ചെയ്തു. അഡ്വ.കെ.ഹരിദാസ് അധ്യക്ഷത വഹിച്ചു. സി.പി.മനോജ്, സി.സി.ശ്രീധരൻ, സി.വി.ഉണ്ണി, പി.കുഞ്ഞികൃഷ്ണൻ സംസാരിച്ചു. ടി.പ്രഭാകരൻ, സി.പ്രഭാകരൻ, പി.വി.പ്രകാശൻ എന്നിവർ സമ്മാനദാനം നടത്തി.